പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4642 — 20-10-2011 -ൽ മറുപടിക്ക്.

## മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന ഉപയോഗത്തിനെതിരെ ബോധവൽക്കരണത്തിനായി ചെലവഴിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന ഉപയോഗത്തിനെതിരെ ബോധവൽക്കരണത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) 82,53,422/- രൂപ |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബോധവൽക്കരണ പരിപാടിക്കായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ബോധവൽക്കരണ പരിപാടിക്കായി വകയിരുത്തിയിട്ടുള്ള തുക, 20 ലക്ഷം രൂപയിൽ നിന്നും 2 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (സി) ബോധവൽക്കരണ പരിപാടിയുടെ നടത്തിപ്പിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിങ്ങ് പ്രദർശിപ്പിക്കും. ഓരോ അസംബ്ലി നിയോജക മണ്ഡലങ്ങൾ കേന്ദ്രീകരിച്ച്, സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ